LIBRARY ARCHIVES Kerala Legislative Assembly

സഹകരണസംഘങ്ങളിൽനിന്ന് പുനർവായ്പ

74 [2295] ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ:
" കെ. അച്ചുതൻ:
" വി. ജെ. പൗലോസ്:
" ടി. യു. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുത്ത കർഷകരിൽ എത്ര ശതമാനം പേർ ഈ വർഷം ഇതുവരെ പുനർവായ്പയ്ക്ക് അപേക്ഷിച്ചിട്ടുണ്ട്;

(ബി) സഹകരണ സംഘങ്ങളിൽ നിന്ന് വായ്പയെടുക്കുന്ന കർഷകർ പുനർവായ്പയെടുക്കുന്ന കാര്യത്തിൽ വൈമുഖ്യം പ്രദർശിപ്പിക്കാറുണ്ടോ;

(സി) എങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഏകദേശം 14%.

(ബി) ഉണ്ട്.

(സി) കാർഷിക കടാശ്വാസ നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും ഒറ്റത്തവണ തീർപ്പാക്കൽ മുഖേനയുള്ള ആനുകൂല്യങ്ങളും പ്രയോജനപ്പെടുത്തുന്നതിനാലും കാർഷിക വായ്പകൾ എഴുതിത്തള്ളും എന്ന നിഗമനത്താലും വായ്പ തിരിച്ചടവിന് കൂടുതൽ ആനുകൂല്യങ്ങൾ സർക്കാർ പ്രഖ്യാപിക്കുമെന്ന ധാരണയിലും പുനർവായ്പ എടുക്കുന്ന കാര്യത്തിൽ കർഷകർ വിമുഖത കാണിക്കുന്നുണ്ട്.

സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള ജപ്തി നടപടി

75 [2296] ശ്രീ. എം. എ. വാഹീദ്:
" ജി. കാർത്തികേയൻ:
" വി. ജെ. പൗലോസ്:
" കെ. അച്ചുതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് കടമെടുത്തിട്ടുള്ളവർക്ക് ആ കടം തിരിച്ചടയ്ക്കാൻ സാധിക്കാത്ത പക്ഷം അവ അടയ്ക്കുന്നതിന് പുതുക്കിയ വായ്പ നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ടോ;